**എറണാകുളം ജില്ലാകളക്ടറുടെ നടപടിക്രമം.**
**ഹാജർ : ശ്രീ. കെ. മൊഹമ്മദ് . വൈ. സഫിറുള്ള (ഐ.എ.എസ്)**

സി. 12-39/2016 തീയതി: 23.01.2018

വിഷയം. - കൊച്ചി മെട്രോ റെയിൽ പ്രൊജക്റ്റ്- പേട്ട - തൃപ്പൂണിത്തുറ സ്റ്റേഷൻ, ബസ് ബേ എന്നിവയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് - വിദഗ്ധ സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന - വിദഗദ്ധ സമിതിയുടെ 19-12.2017 ലെ ശുപാർശ.

*************

കൊച്ചി മെട്രോയുടെ ഭാഗമായി പേട്ട - തൃപ്പൂണിത്തുറ സ്റ്റേഷൻ, ബസ് ബേ എന്നിവയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിന് മുന്നോടിയായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം സംബന്ധിച്ച് ചുമതലപ്പെടുത്തിയിരുന്ന SIA യൂണിറ്റായ രാജഗിരി ഔട്ട് റിച്ച് സമർപ്പിച്ച ഫൈനൽ റിപ്പോർട്ടിന്മേൽ ജില്ലാതല വിദഗദ്ധ സമിതി 19.12.2017 ന് ചേരുകയും വിദശ്ധ സമിതി ഏകകണ്ഠമായി ടി പദ്ധതി കൊച്ചി നഗരത്തിന്റെ മുഖഛായ മാറ്റിയെടുക്കാൻ ഉതകുന്നതും കൊച്ചി നഗരത്തിലേയും ചുറ്റുമുള്ള സ്ഥലങ്ങളിലേയും ഗതാഗത കുരുക്കിനെ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതിനാൽ RTFCT LARR Act 2003 7-). വകുപ്പ് 5-). ഉപവകുപ്പ് (1) ൽ നിഷ്കർഷിക്കും വിധം ടി പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്നും ആയതിനാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനാവശ്യമായ അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സൂചന പ്രകാരം വിദശ്ധ സമിതി റപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

വിദഗദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചതിലും പ്രോജക്റ്റിന് ആവശ്യമായ വിസ്തീർണം മാത്രമേ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും വിദശ്ധ സമിതിയുടെ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് അംഗീകരിച്ച് ഇതിനാൽ തീരുമാനമായി ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാകളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടികളക്ടർ (എൽ.എ)

കൊച്ചി മെട്രോ റയിൽ പ്രൊജക്റ്റ് , കാക്കനാട്.

പകർപ്പ് : സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1,

കൊച്ചി മെട്രോ റയിൽ പ്രൊജക്റ്റ്, കാക്കനാട്

സി12-39 /2017

**കൊച്ചി മെട്രോയുടെ പേട്ട – തൃപ്പൂണിത്തുറ സ്റ്റേഷൻ, ബസ് ബേ എന്നിവയുടെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടിയുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.**

കൊച്ചി മെട്രോയോടനുബന്ധിച്ചുള്ള പേട്ട- തൃപ്പൂണിത്തുറ സ്റ്റേഷൻ, ബസ് ബേ എന്നിവയുടെ നിർമ്മാണത്തിനു വേണ്ടി കണയന്നൂർ താലൂക്ക് നടമ വില്ലേജ് പരിധിയിൽ വരുന്ന വിവിധ സർവ്വെ നമ്പറുകളിൽ പ്പെട്ട 0.5883 ഹെക്ടർ സ്ഥലം RFCT LARR Act 2013 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 22.12.2015-ാം തീയതിയിൽ ലഭിച്ച റിക്വിസിഷന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളകട്ടറുടെ 16.01.2016-ലെ സി12-39/2016 നമ്പർ നടപടിക്രമ പ്രകാരം സെപ്ഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1 കൊച്ചി മെട്രോ റയിൽ പ്രൊജക്ടിനെ ലാൻഡ് അകിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്.

എൽ.എ.ആർ ആക്ട് 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളതും, എൽ.എ ആർ.ആർ ആക്ട് ചട്ടം 2(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ടുമാസത്തിനുള്ളിലും ആറുമാസത്തിൽ കവിയാതെയും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നതുമാണ്. അപ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 7.11.2017-ാം തീയതി രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ചിട്ടുള്ളതാണ്.

ടി റിപ്പോർട്ടിൻ പ്രകാരം പ്രസ്തുത പേട്ട തൃപ്പൂണിത്തുറ റോഡ് വളരെ വലിയ തോതിൽ വാഹനപ്പെരുപ്പമുള്ളതും കൊച്ചി നഗരത്തെ നഗരാനുബന്ധസ്ഥലങ്ങളിലേക്ക് ബന്ധിക്കുന്ന പ്രധാന പാതയുമാണ്. കൊച്ചി മെട്രോയുടെ നിർദ്ദിഷ്ട പദ്ധതി ജനങ്ങളുടെ സുഗമമവും വേഗത ഏറിയതും സൌകര്യ പ്രദവുമായ യാത്ര സൌകര്യത്തിന് വഴി ഒരുക്കുന്നതും എല്ലാ

ഗതാഗതമാർഗ്ഗങ്ങളെയും സംയോജിപ്പിച്ച് കൊച്ചി നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുവാൻ ഉതകുന്നതുമാണ്. കൊച്ചി നഗരത്തിലെയും ചുറ്റുമുള്ള സ്ഥലങ്ങളിലെയും ഗതാഗതക്കുരുക്കിനെ ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുന്നതിനാൽ RTFCT LARR Act 2013 -7-). വകുപ്പ്, 5-). ഉപവകുപ്പ് നിഷ്കർഷിക്കും പ്രകാരം ടി പദ്ധതി ഒരു പൊതു ആവശ്യത്തിന് ഉതകുന്നതാണെന്ന് കമ്മറ്റി അംഗീകരിച്ചു.

RTFCT LARR നിയമം 2013 നിഷ്കർഷിക്കുന്ന പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം പുനസ്ഥാപനം എന്നിവ അർഹരായ കുടുംബങ്ങൾക്ക് നൽകുന്നത് വഴി പദ്ധതിയുടെ പ്രത്യാഘാതം കുറയ്ക്കാവുന്നതാണെന്നും അപ്രകാരം പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രൊജക്ടിന്റെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യ ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ സമിതി അഭിപ്രായപ്പെട്ടു.

പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്

ഇത് സംബന്ധിച്ച് 19.12.2017 തീയതി വൈകിട്ട് 4.00 മണിക്ക് വിദഗ്ദ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ Expert Committee meetingൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുത പ്രൊജക്റ്റ് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും, ടി തീരുമാനം കമ്മറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാകളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

28/12/17

തീയതി : 28.12.2017

വിദഗ്ദ്ധ സമിതി ചെയർമാൻ,
ഡെപ്യൂട്ടി കളക്ടർ (എൽ.എ),
കൊച്ചി മെട്രോ റയിൽ പ്രൊജക്റ്റ്